ഭരണഭാഷ-മാതൃഭാഷ

നമ്പർ.കെ.എസ്.എ/എം.എൽ.പി6/801/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം
പാലക്കാട്
തിയതി : 31.01.2026
ഫോൺ നമ്പർ-04912 527448
email:hrepalakkad@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ മഹാഗണപതി ദേവസ്വം
മുതുതല, പട്ടാമ്പി
പാലക്കാട് ജില്ല - 679303

സർ,

വിഷയം: ശ്രീ മുതുതല മഹാഗണപതി ദേവസ്വത്തിന്റെ 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ്റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് പുറപ്പെടുവിക്കുന്ന ശ്രീ മുതുതല മഹാഗണപതി ദേവസ്വത്തിന്റെ 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15[1] അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മലബാർ ദേവസ്വം ഓഡിറ്റ് പാലക്കാട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
2. കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
3. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, പാലക്കാട്
4. ഓഫീസ് പകർപ്പ്

//സി.പി//

നമ്പർ.കെ.എസ്.എ/എം.എൽ.പി6/801/2025 തീയതി - 31.01.2026

പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, മുതുതല വില്ലേജില മുതുതല ശ്രീ മഹാഗണപതി ദേവസ്വത്തിന്റെ 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ. തുളസീദാസ്.വി.ജി, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീ. സുരേഷ്.എ.ബി, ഓഡിറ്റ് ഓഫീസർ
	ശ്രീ. ഗോകുൽ.സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ. വിജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ വർഷം	2022- 2024
ഓഡിറ്റിനു വിനിയോഗിച്ച ദിവസങ്ങൾ	01.12.2025 മുതൽ 06.12.2025 വരെ

ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരിയുടെ പേരും തസ്തിക പേരും

പേര്	തസ്തിക	കാലാവധി
കെ. വേണുഗോപാൽ	എക്സിക്യൂട്ടീവ് ഓഫീസർ	01.01.2022 മുതൽ 12.10.2023 വരെ
കെ. ബാലാജി	എക്സിക്യൂട്ടീവ് ഓഫീസർ	13.10.2023 മുതൽ 03.01.2024 വരെ
കെ . ദിനേശ്	എക്സിക്യൂട്ടീവ് ഓഫീസർ	04.01.2024 മുതൽ 31.12.2024 വരെ

ഭാഗം-1

I -1 ബജറ്റ്

ദേവസ്വത്തിന് ഓഡിറ്റ് കാലയളവിൽ 2022 – 2024 വർഷങ്ങളിലെ ബജറ്റിനു ചുവടെ പറയും പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

വർഷം	അംഗീകരിച്ച ഉത്തരവ് നമ്പർ/തിയ്യതി
2022	ഉത്തരവ് നമ്പർ.എ 3-19/2022/എംഡിബി(ഡിഡിസ്) തിയ്യതി-19.01.2022
2023	ഉത്തരവ് നമ്പർ.എ 3-5039/2022/എംഡിബി(ഡിഡിസ്) തിയ്യതി-13.02.2023
2024	ഉത്തരവ് നമ്പർ.എ 3-804/2024/എംഡിബി(കെഡിസ്) തിയ്യതി-24.04.2024

ഹിന്ദുമത ധർമ്മസ്ഥാപന നിയമം [70(1)], മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29.12.2010-ലെ ജെ5/9364/09/എംഡിബി (1) സർക്കുലർ എന്നിവ പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുമ്പ് അതായത് ഒക്ടോബർ 31 നു മുമ്പ് അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, അംഗീകാരത്തിന് വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃതമായിരിക്കുകയില്ലായെന്നും, അത്തരം ചെലവുകൾ നിയമ വിരുദ്ധവും ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്ന് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, അംഗീകാരത്തിന് വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

I-2 വാർഷിക കണക്കുകൾ

2022, 2023 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കി യഥാക്രമം 09.01.2023, 12.02.2024 നും 2024 ലെ വാർഷിക കണക്കുകൾ 10.05.2025 എന്നീ തിയ്യതികളിലും ഓഡിറ്റിന് സമർപ്പിക്കുകയുണ്ടായി. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1995 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതരേണ്ടതാണ്.

I-3 ക്ഷേത്ര ഭരണം

ക്ഷേത്ര ഭരണത്തിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. വാണിയമ്പറമ്പത്ത്, തോന്നക്കോട് വടക്കേതിൽ, അണ്ണേങ്കോട്ടിൽ, തേനൊഴിയിൽ, തൊട്ടുപുറത്ത് എന്നീ തറവാടുകളിലെ മുതിർന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന പാരമ്പര്യ ട്രസ്റ്റി ബോർഡ് ആണ് ക്ഷേത്ര ഭരണം നടത്തുന്നത്. ക്ഷേത്രത്തിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത് മാനേജിംഗ് ട്രസ്റ്റിയാണ്. 11.01.2018 വരെ മാനേജിംഗ് ട്രസ്റ്റിയാണ് ക്ഷേത്ര ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചിരുന്നത്. മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ 4.01.2018 ലെ എ 3-4392/17 (എം ഡി ബി) ഉത്തരവു പ്രകാരം മലബാർ ദേവസ്വം ബോർഡ് നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറാണ് ദേവസ്വത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഓഡിറ്റ് കാലയളവിൽ എക്സിക്യൂട്ടീവ് ഓഫീസർ ചുമതല നിർവ്വഹിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	കാലാവധി
കെ. വേണുഗോപാൽ	01.01.2022 മുതൽ 12.10.2023 വരെ
കെ. ബാലാജി	13.10.2023 മുതൽ 03.01.2024 വരെ
കെ . ദിനേശ്	04.01.2024 മുതൽ 31.12.2024 വരെ

ഓഡിറ്റ് കാലയളവിലെ ട്രസ്റ്റി ബോർഡ് അംഗങ്ങൾ (ട്രസ്റ്റി ബോർഡ് മിനുട്സ് ബുക്ക് പ്രകാരം)
സർവ്വശ്രീ

- വാണിയമ്പറമ്പത്ത് കുഞ്ഞുണ്ണി പണിക്കർ
- തോട്ടുപുറത്ത് കുഞ്ഞുണ്ണി മേനോൻ
- തോന്നക്കോട്ട് വടക്കേതിൽ രാമകൃഷ്ണൻ നമ്പ്യാർ
- അണ്ണേങ്കോട്ടിൽ ദേവദാസ് നമ്പ്യാർ
- തേനൊഴിയിൽ രാമനുണ്ണി പണിക്കർ

1-4 ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇത് ഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവസാനം പരിശോധിച്ചത് 28.06.2025 നാണ്. ദേവസ്വത്തിൽ ലഭ്യമായ മലബാർ ദേവസ്വം ബോർഡിന്റെ അവസാന വെരിഫിക്കേഷൻ റിപ്പോർട്ട് 15.07.2025 ലെ ജെ.5-4055/2025/എം.ഡി.ബി (ആർ.ഡി.സ്) ഉത്തരവു പ്രകാരം ദേവസ്വത്തിൽ 352.820 ഗ്രാം സ്വർണ്ണവും, 3587.700 ഗ്രാം വെള്ളിയുമുണ്ട്.

ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച രജിസ്റ്റർ പ്രകാരമുള്ള ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർവ്വേ നമ്പർ	ഭൂമിയുടെ തരം	വിസ്തീർണ്ണം
77/8	തോട്ടം	1.10 ആർ
77/4	തോട്ടം	1.25 ആർ
77/9	തോട്ടം	0.10 ആർ
77/6	തോട്ടം	0.165 ആർ
77/10	തോട്ടം	0.75 ആർ
77/05	തോട്ടം	0.2 ആർ

75/12	പാടം	3.15 ആർ
80/12	തോട്ടം	1.21 ആർ
77/7	തോട്ടം	2.60 ആർ

ദേവസ്വത്തിൽ സൂക്ഷിച്ചിട്ടുള്ള ഭൂസ്വത്ത് രജിസ്റ്ററിൽ റീ-സർവ്വേക്ക് മുമ്പുള്ള സർവ്വേ നമ്പറും ഭൂമിയുടെ അളവുമാണ് ചേർത്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിൽ റീ-സർവ്വേക്ക് ശേഷമുള്ള സർവ്വേ നമ്പറും ഭൂമിയുടെ അളവുമാണ് ചേർത്തിട്ടുള്ളത്. ക്ഷേത്ര ഭൂമി ദേവസ്വത്തിന്റെ പേരിലേക്ക് മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്റർ കാലികമാക്കി രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

I-5 പൊതു അവലോകനം

- മലബാർ ദേവസ്വം ബോർഡിൽ നിന്ന് യഥാസമയം ബജറ്റുകൾക്ക് അംഗീകാരം വാങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരമില്ലാതെ നടത്തുന്ന ചെലവുകൾ അനധികൃതമായതിനാൽ ഇക്കാര്യം ദേവസ്വം കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗൗരവമായി പരിഗണിക്കേണ്ടതാണ്.
- അവശ്യ രജിസ്റ്ററുകൾ എത്രയും പെട്ടെന്ന് എഴുതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.
- വരുമാനം കുറഞ്ഞ ദേവസ്വത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ദേവസ്വം അധികൃതർ കൈക്കൊള്ളേണ്ടതാണ്.

1-6 രജിസ്റ്ററുകൾ, റെക്കാഡുകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിലെ അപാകതകൾ

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്

ഭാഗം-2
വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാഷ് വേരിഫിക്കേഷൻ

ദേവസ്വത്തിന്റെ 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.12.2025 തിയതി 11.00 AM ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2818/- രൂപ ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2-2 ദേവസ്വം എഫ്.ഡി ക്ഷേത്രക്കുളം സൈഡ് കെട്ടൽ ആവശ്യത്തിനായി പിൻവലിച്ച് വിനിയോഗിച്ചു

1951-ലെ മദ്രാസ് ഹിന്ദു റിലീജയസ് ആന്റ് ചാരിറ്റബൾ എൻഡോവ്മെന്റ് ആക്ടിലെ വകുപ്പ് 100(2) (K) -ന കീഴിലെ ചട്ടങ്ങൾ പ്രകാരം (ചട്ടം 7) കമ്മീഷണറുടെ അനുതിയോടെ മാത്രമേ സ്ഥിരനിക്ഷേപങ്ങൾ പിൻവലിക്കാവൂ. എന്നാൽ ഇതിനു വിരുദ്ധമായി ദേവസ്വത്തിന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുതലക്കുളം ശാഖയിലുണ്ടായിരുന്ന 34551857567 നമ്പർ എഫ്.ഡി (മുൻ ഓഡിറ്റ് റിപ്പോർട്ടിലെ 8-ാം ക്രമ നമ്പർ എഫ്.ഡി) 03.06.2022-ന് ആ ദിവസം വരെയുള്ള തുകയായ 214620 രൂപ പിൻവലിക്കുകയുണ്ടായി. 24.04.2022 തിയ്യതിയിൽ ക്ഷേത്ര പാരമ്പര്യ ട്രസ്റ്റിമാരുടെ യോഗം ചേർന്ന് ക്ഷേത്രകുളത്തിന്റെ ഇടിഞ്ഞുവീണ മതിൽ കെട്ടുന്നതിന് ക്ഷേത്രത്തിന്റെ പേരിലുള്ള ഒരു സ്ഥിര നിക്ഷേപം പിൻവലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ആയതിന്റെ അനുമതിക്കായി മലബാർ ദേവസ്വം ബോർഡിലേക്ക് അപേക്ഷിക്കുന്നതിന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി, 11.07.2022 ൽ അനുമതിക്കായി അപേക്ഷിച്ചെങ്കിലും അനുമതി ലഭിച്ചതായി കാണുന്നില്ല. മലബാർ ദേവസ്വം ബോർഡിന്റെ അനുമതിയോടുകൂടി മാത്രം ക്ഷേത്ര സ്ഥിര നിക്ഷേപം പിൻവലിച്ച് ഉപയോഗിക്കേണ്ടതാണ്. അനുമതി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 അംഗീകരിച്ച ബജറ്റിലും അധികമായ ചെലവിന് സാധൂകരണം വാങ്ങേണ്ടതാണ്

ദേവസ്വത്തിന് ഓഡിറ്റ് കാലയളവിൽ 2022-2024 വർഷങ്ങളിലെ ബജറ്റിനു ചുവടെ പറയും പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

വർഷം	അംഗീകരിച്ച ഉത്തരവ് നമ്പർ/തിയ്യതി
2022	ഉത്തരവ് നമ്പർ.എ 3-19/2022/എംഡിബി(ഡിഡിസ്) തിയ്യതി-19.01.2022
2023	ഉത്തരവ് നമ്പർ.എ 3-5039/2022/എംഡിബി(ഡിഡിസ്) തിയ്യതി-13.02.2023
2024	ഉത്തരവ് നമ്പർ.എ 3-804/2024/എംഡിബി(കെഡിസ്) തിയ്യതി-24.04.2024

ദേവസ്വത്തിലെ മേൽ പ്രകാരം അംഗീകരിച്ച ബജറ്റും ഓഡിറ്റ് കാലയളവിലെ വരവ് ചെലവ് പത്രികയും പരിശോധിച്ചതിൽ ചെലവ് ശീർഷകങ്ങളിൽ അധികവും അംഗീകരിച്ച ബജറ്റിനേക്കാൾ അധികമായി ചെലവ് നടന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

2022			
ഇനം	യഥാർത്ഥ ചെലവ്	ബജറ്റ് അംഗീകാരം	അധികമായി വന്ന ചെലവ്
ഉത്സവബത്ത	32500.00	30000.00	2500
ക്ഷേത്രക്കുളം നവീകരണം	267469.00	25000.00	242469
ശുചീകരണം	38728.00	25000.00	13728
പെയിന്റിംഗ്	86802.00	75000.00	11802
ലീവ് സറണ്ടർ	34360.00	30000.00	4360
ക്ഷേത്ര തോട്ടം ചെലവ്	50765.00	10000.00	40765
പലവക	6210.00	5000.00	1210
ഇലക്ട്രിക്കൽ റിപ്പയർ	28620.00	20000.00	8620
അഷ്ടദ്രവ്യ ഗണപതിഹോമം	147487.00	30000.00	117487
2023			
ശമ്പളച്ചെലവുകൾ	789558.00	466004.00	323554
വഴിപാട് വിഹിതം	4001.00	1550.00	2451
വഴിപാട് ചെലവ്	532000.00	445475.00	86525
ഉത്സവം	43470.00	16002.00	27468
ഉത്സവബത്ത	39500.00	32500.00	7000
അച്ചടി & സ്റ്റേഷനറി	31099.00	21581.00	9518
യാത്രാബത്ത	21670.00	16915.00	4755
ആനുകാലികം	57268.00	-	57268
അംശാദായം	20000.00	-	20000
അന്നദാനം	39191.00	11226.00	27965
ലോക്കർ വാടക	5664.00	2246.00	3418
ശുചീകരണം	51300.00	36928.00	14372
പുതിയ ഉപകരണം	8395.00	3570.00	4825
പലവക	15332.00	5910.00	9422
ഇലക്ട്രിസിറ്റി& വെള്ളക്കരം	23940.00	17554.00	6386
അഷ്ടദ്രവ്യ ഗണപതിഹോമം	164879.00	147487.00	17392
2024			
ശമ്പളച്ചെലവുകൾ	1265855.00	868513.00	397342
ലീവ് സറണ്ടർ	148634.00	-	148634
ഉത്സവം	129920.00	47817.00	82103

അച്ചടി & സ്റ്റേഷനറി	66747.00	34208.00	32539
ഇടയ്ക്കിടെ വിശേഷങ്ങൾ	39500.00	-	39500
ചില്ലറ മരാമത്ത്	9130.00	6897.00	2233
മരാമത്ത്	12460.00	-	12460
അന്നദാനം	53019.00	43110.00	9909
ക്ഷേത്ര തോട്ടം ചെലവ്	24655.00	8415.00	16240
പലവക	22370.00	47817.00	-
സി സി ടി വി	135600.00	-	135600
ഇലക്ട്രിസിറ്റി& വെള്ളക്കരം	35039.00	26334.00	8705
ദുരിതാശ്വാശം	10000.00	-	10000

ദേവസ്വത്തിന്റെ 2022 മുതൽ 2024 കൂടിയുള്ള വർഷങ്ങളിലെ അംഗീകരിച്ച ബജറ്റിനേക്കാൾ അധികമായ മുഴുവൻ ചെലവുകൾക്കും അംഗീകരിച്ച ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2-4 അംഗീകരിച്ച ക്ഷേത്ര കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ശ്രീ മഹാഗണപതി ദേവസ്വത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2022 വർഷം മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷ്ണറുടെ 26.11.2022 തിയ്യതിയിലെ എ 3-1085/2018(എംഡിബി)(കെഡിസ്) ഉത്തരവ് പ്രകാരം ശ്രീ. പി.എം.ശിവദാസ മേനോൻ, പ്രസിഡന്റായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 2023 വർഷം ഉത്സവാഘോഷ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ശ്രീ.എം. ഭാസ്കരൻ, പ്രസിഡന്റായി മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷ്ണറുടെ 02.02.2023 തിയ്യതിയിലെ എ 3-143/2023(എംഡിബി)(കെഡിസ്) ഉത്തരവ് പ്രകാരം കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. 2025 വർഷം ഉത്സവാഘോഷ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ശ്രീ.ടി. കൃഷ്ണൻകുട്ടി, പ്രസിഡന്റായി മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷ്ണറുടെ 25.02.2025 തിയ്യതിയിലെ എ 3-470/2025(എംഡിബി)(കെഡിസ്) ഉത്തരവ് പ്രകാരം കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 15.06.2007-ലെ എച്ച്.ആർ.എച്ച്5/8246/06 സർക്കുലർ ഖണ്ഡിക 7 പ്രകാരം കമ്മറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയോ, അല്ലെങ്കിൽ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് കമ്മീഷണർ ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യുമ്പോൾ കമ്മറ്റി പിരിച്ചു വിട്ട് വരവു

ചെലവു കണക്കുകൾ, ബാങ്ക് പാസ്സ് ബുക്കുകൾ, കമ്മറ്റിയുടെ കൈവശമുള്ള സംഖ്യ എന്നിവ ക്ഷേത്ര ഭരണാധികാരിയെ ഏൽപ്പിക്കണമെന്നു നിഷ്കർഷിക്കുകയും, ഖണ്ഡിക 11 പ്രകാരം കമ്മിറ്റിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ കൊണ്ട് (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) ഓഡിറ്റ് ചെയ്യിപ്പിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ദേവസ്വം നാളിതുവരെയായി കമ്മറ്റി കണക്കുകൾ ഓഡിറ്റിനായി അയച്ചു തന്നിട്ടില്ല. ഈ വിഷയത്തിലേക്ക് മലബാർ ദേവസ്വം ബോർഡിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മലബാർ ദേവസ്വം ബോർഡ് ഉത്തരവു പ്രകാരം കമ്മറ്റി കണക്ക് എത്രയും വേഗം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

2- 5 വഴിപാട് പട്ടികക്ക് അംഗീകാരം

ദേവസ്വത്തിൽ ഓഡിറ്റ് കാലയളവിൽ (2022 മുതൽ 2024 വരെ)വഴിപാട് പട്ടിക 01.01.2024 തിയ്യതി മുതൽ പുതുക്കിയത് ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷ്ണറുടെ 05.03.2024 ലെ ഉത്തരവ് നമ്പർ-എ 3-4863/2023/എംഡിബി(കെഡിസ്) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2-6 സർക്കാർ ധനസഹായം

വർഷം	ഇനം	തുക	വരവു പിടിച്ച വിവരം
2024	ഗ്രാന്റ്	70000.00	19.12.2024 / എസ്.ബി.ഐ, മുതുതല ബ്രാഞ്ച് A/C No.7432

2-7 വർഷാശനം

വരവില്ല

2-8 മാനേജ്മെന്റ് ഫണ്ട്

മാനേജ്മെന്റ് ഫണ്ടിനത്തിൽ ഓഡിറ്റ് കാലയളവിൽ വരവു വന്ന തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	തുക	ഇനം	വരവു പിടിച്ച വിവരം
2022	25000.00	ഉത്സവബത്ത	05.09.2022 / എസ്.ബി.ഐ, മുതുതല ബ്രാഞ്ച് A/C No.7432
2023	77000.00	ഉത്സവബത്ത	28.08.2023 / എസ്.ബി.ഐ, മുതുതല ബ്രാഞ്ച് A/C No.7432
2024	35000.00	ഉത്സവബത്ത	12.09.2024/ എസ്.ബി.ഐ, മുതുതല ബ്രാഞ്ച് A/C No.7432

2-9 വായ്പ

ഇല്ല

2-10 ജാമ്യസംഖ്യ

വരവ് സമാഹരണത്തിന്റേയും വിലപിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പു നിയമം സെക്ഷൻ 100(2) (വൈ) അനുശാസിക്കുന്ന വിധത്തിൽ ജാമ്യസംഖ്യ/കരുതൽ ധാരണാപത്രം ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ജാമ്യനിക്ഷേപ പത്രിക ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭാഗം-3

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 അംഗീകാരമില്ലാതെ യാത്രാബത്ത കൈപ്പറ്റിയത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2022 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ ദേവസ്വത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ചുവടെ പറയുന്ന ജീവനക്കാരൻ ടൂർ ഡയറി ഹാജരാക്കാതെയും മലബാർ ദേവസ്വം ബോർഡിന്റെ അനുമതി ഇല്ലാതെയും യാത്രാബത്ത കൈപ്പറ്റിയ വിവരം ചുവടെ ചേർക്കുന്നു.

കെ. വേണുഗോപാൽ - എക്സിക്യൂട്ടീവ് ഓഫീസർ			
വൗച്ചർ നമ്പർ	**തിയ്യതി**	**കൈപ്പറ്റിയ തുക**	**റിമാർക്ക്സ്**
2022			
9	12.01.2021	2000.00	
195	15.06.2022	500.00	
280	15.08.2022	1250.00	
374	14.10.2022	500.00	
398	02.12.2022	500.00	
427	31.12.2022	500.00	
2023			
06	03.01.2023	500.00	
09	05.01.2023	500.00	
31	28.01.2023	500.00	
58	03.02.2023	500.00	
67	10.02.2023	1000.00	
74	20.02.2023	500.00	

87	15.03.2023	500.00	
147	03.05.2023	500.00	
165	03.06.2023	500.00	
263	28.07.2023	500.00	
101	03.04.2023	500.00	
ആകെ	**11250.00/-**		

ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് കമ്മീഷണറുടെ 31.7.1999-ലെ എച്ച്.ആർ3/6680/93 നമ്പർ സർക്കുലർ പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർമാരുടെ മുൻകൂട്ടിയുള്ള യാത്രാപരിപാടികൾ യാത്ര തുടങ്ങുന്ന മാസത്തിനു മുമ്പ് യാത്രാ ഡയറി, യാത്ര കഴിഞ്ഞ് അടുത്ത മാസം 5-ാം തീയതിക്കു മുമ്പ് ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർക്ക് സമർപ്പിക്കാനും, യാത്ര ബില്ലിനൊപ്പം യാത്രാ ഡയറിയും അടക്കം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അനുമതിയില്ലാതെ യാത്രാബത്ത കൈപ്പറ്റിയ ഇനത്തിൽ വൗച്ചർ പ്രകാരമുള്ള ചെലവ് തുക (11250.00/-) നിരാകരിക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.04/04-12-2025-ന് മറുപടി ഹാജരാക്കിയില്ല. ബോർഡ് അനുമതി, ടൂർ ഡയറി എന്നിവയുടെ അഭാവത്തിൽ ഈ ഇനത്തിൽ കൈപ്പറ്റിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3- 2 അംശാദായം

ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	വൗച്ചർ നമ്പർ/തീയതി	തുക	രസീതി നമ്പർ/തീയതി
2023	241/19.08.2023	20000.00	011107/11.08.2023

3-3 ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	വൗച്ചർ നമ്പർ/തീയതി	തുക	രസീതി നമ്പർ/തീയതി
2024	217/22.04.2024	5000.00	17455/18.04.2024

3- 4 ഓഡിറ്റ് ചാർജ്ജ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെ പറയുന്ന വിധം ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ഖജനാവിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ്ജ് നിരക്ക്	ഓഡിറ്റ് ചാർജ്ജ്
2022	**1959178**	1%	19592
2023	**2094956**	1%	20950
2024	**2989846**	1%	29898
		ആകെ	**70440**
		മുൻബാക്കി	**129541**
		ഒട്ടാകെ	**199981**
		ഒടുക്കിയ തുക	**0.00**
		ഒടുക്കാൻ ബാക്കി	**199981.00**

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	**തുക**
2014	15696
2015	16146
2016	16325
2017	17835
2018	18591
2019	18138
2020	11114
2021	15696
2022	19592
2023	20950
2024	29898
ആകെ	**199981**

ഓഡിറ്റ് ചാർജ്ജ് അടിയന്തിരമായി ഒടുക്കേണ്ടതും ഒടുക്കിയ വിവരം ചലാന്റെ അസ്സൽ പരിശോധനക്കായി കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

ഭാഗം-4

ധനസ്ഥിതി

4-1 ഓഡിറ്റ് കാലയളവിലെ ദേവസ്വത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

വർഷം	2022	2023	2024
മുന്നിരിപ്പ്	151990.04	149199.04	241214.04
തൻവർഷ വരവ്	2198798.00	2171956.00	3094846.00
ആകെ വരവ്	2350788.04	2321155.04	3336060.04
ആകെ ചെലവ്	2201589.00	2079941.00	3222320.50
നീക്കിയിരിപ്പ്	149199.04	241214.04	113739.54

4-2 ഓഡിറ്റ് അവലോകനം

വർഷം	2022	2023	2024
തൻവർഷ വരവ്	2198798.00	2171956.00	3094846.00
തൻവർഷ ചെലവ്	2201589.00	2079941.00	3222320.50

4-3 ആകെ നിരാകരിച്ച തുകഃ - ഇല്ല-

4-4 തടസ്സപ്പെടുത്തിയ തുകഃ 11250/- (ഖണ്ഡിക നമ്പർ 3-1)

4-5 നഷ്ടമായ തുക

ഇല്ല

4-6 – ക്ഷേത്ര ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഒന്നുമില്ല

4-7 കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ വ്യക്തമായ നഷ്ടം

ഒന്നുമില്ല

4-8 നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം

ഒന്നുമില്ല

4-9 നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

4-10 ഓഡിറ്റിൽ നിരാകരിച്ചതിന്റേയും തടസ്സപ്പെടുത്തിയതിന്റേയും വിവരം

ഖണ്ഡിക 3-1 തുക 11250.00/- (തടസ്സം)

4-11 നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

നഷ്ടം ഇല്ല

4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകളുടെ വിവരം

വർഷം	തടസ്സവാദങ്ങളുടെ എണ്ണം	വരവിലെ നഷ്ടം	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക
2005-08	2	-	-	9818
2009	1	-	-	1340
2010-11	2	-	-	34117
2012-13	-	-		-
*2014-17	2	-	-	60300
2018-2021	-	-	-	-
ആകെ	**7**	**-**		**105575**

* 2014-2017 ഓഡിറ്റ് റിപ്പോർട്ടിൽ വരവ് നഷ്ടമായി കാണിച്ചിരുന്ന 9500/- രൂപ അടവാക്കിയതായി 2022-24 വർഷത്തെ ഓഡിറ്റിൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഈ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4-13 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം	റഫറൻസ് നമ്പർ തീയതി	ഉത്തരവാദിയായ ആൾ	ചാർജ്/സർചാർജ്	തുക	അടവാക്കിയ തുക	ബാക്കി	അഭിപ്രായം/അടവാക്കിയതിന്റെ വിശദവിവരം
ഒന്നുമില്ല								

4-14 അനുബന്ധം

വരവ്-ചെലവ് പത്രിക, സ്ഥിരനിക്ഷേപ പത്രിക, ജാമ്യനിക്ഷേപ പത്രിക എന്നിവ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുണ്ട്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം – 1

മുതുതല ശ്രീ മഹാഗണപതി ദേവസ്വം

വരവു – ചെലവു പത്രിക–2022

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	151990.04	ശമ്പളച്ചെലവുകൾ	526933.00
ബാങ്ക് - 145997.04		വഴിപാട് വിഹിതം	1650.00
പണം -5993.00		താൽക്കാലിക ജീവനക്കാർക്കു വേതനം	222992.00
		വഴിപാട് ചെലവ്	480833.00
വഴിപാടു വരവ്	1467579.00	ഉത്സവം	16002.00
ഭണ്ഡാരംവരവ്	474259.00	ഉത്സവബത്ത	32500.00
പലിശ	17340.00	അച്ചടി & സ്റ്റേഷനറി	24906.00
		യാത്രാബത്ത	18915.00
		ഇടയ്ക്കിടെ വിശേഷങ്ങൾ	37350.00
		ചില്ലറ മരാമത്ത്	64601.00
		താംബൂല പ്രശ്നം	22573.00
സാധാരണവരവ്	**1959178**	ക്ഷേത്രക്കുളം നവീകരണം	267469.00
ഉത്സവബത്ത	**25000**	അന്നദാനം	15386.00
സ്ഥിര നിക്ഷേപം പിൻവലിച്ചത്	214620.00	ശുചീകരണം	38728.00
ആകെ വരവ്	**2198798**	പെയിന്റിംഗ്	86802.00
		ലീവ് സറണ്ടർ	34360.00
		പുതിയ ഉപകരണം	3570.00
		ക്ഷേത്ര തോട്ടം ചെലവ്	50765.00
		നികുതി	272.00
		പലവക	6210.00
		വ്യവഹാര ചെലവ്	22000.00
		ഇലക്ട്രിക്കൽ റിപ്പയർ	28620.00
		ഇലക്ട്രിസിറ്റി& വെളളക്കരം	24423.00
		ബാങ്ക് ചാർജ്ജ്	2242.00
		അഷ്ടദ്രവ്യ ഗണപതിഹോമം	147487.00
		ചാരിറ്റബിൾ	5000.00

		ഫോട്ടോ	19000.00
		സാധാരണചെലവ്	**2201589.00**
		ആകെ ചെലവ്	**2201589**
		നീക്കിയിരുപ്പ്	**149199.04**
		ബാങ്ക് (കാഷ് ബുക്ക്)- 146665.04	
		പണം - 2534.00	
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**2350788.04**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**2350788.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	**അക്കൗണ്ട് നമ്പർ**	**നീക്കിയിരുപ്പ്**
എസ് ബി ഐ, മുതുതല	87432	**146665.04**
കയ്യിരുപ്പ്		2534.00
	ആകെ	**149199.04**

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

മുതുതല ശ്രീ മഹാഗണപതി ദേവസ്വം
വരവു – ചെലവു പത്രിക–2023

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	**149199.04**	ശമ്പളച്ചെലവുകൾ	789558.00
		ഫോട്ടോ	13000.00
ബാങ്ക് - 146665.04		വഴിപാട് വിഹിതം	4001.00
പണം - 2534.00		താൽക്കാലിക ജീവനക്കാർക്കു വേതനം	60000.00
		വഴിപാട് ചെലവ്	532000.00
വഴിപാട് വരവ്	1602284.00	ഉത്സവം	43470.00
ഭണ്ഡാരംവരവ്	469964.00	ഉത്സവബത്ത	39500.00
പലിശ	22708.00	അച്ചടി & സ്റ്റേഷനറി	31099.00
		യാത്രാബത്ത	21670.00
		ആനുകാലികം	57268.00
		അംശാദായം	20000.00
സാധാരണവരവ്	**2094956**	ചില്ലറ മരാമത്ത്	6270.00
ഉത്സവബത്ത	77000.00	അന്നദാനം	39191.00
ആകെ വരവ്	**2171956**	ലോക്കർ വാടക	5664.00
		ശുചീകരണം	51300.00
		പെയിന്റിംഗ്	86320.00
		പുതിയ ഉപകരണം	8395.00
		ക്ഷേത്ര തോട്ടം ചെലവ്	7650.00
		പലവക	15332.00
		വ്യവഹാര ചെലവ്	5000.00
		ഇലക്ട്രിക്കൽ റിപ്പയർ	15774.00
		ഇലക്ട്രിസിറ്റി& വെള്ളക്കരം	23940.00
		നികുതി	160.00
		അഷ്ടദ്രവ്യ ഗണപതിഹോമം	164879.00
		ഉത്സവബത്ത തിരിച്ചടവ്	38500.00

		സാധാരണചെലവ്	**2079941**
		ആകെ ചെലവ്	**2079941**
		നീക്കിയിരുപ്പ്	**241214.04**
		ബാങ്ക് (കാഷ് ബുക്ക്)- 237519.04	
		പണം - 3695.00	
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**2321155.04**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**2321155.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	**അക്കൗണ്ട് നമ്പർ**	**നീക്കിയിരുപ്പ്**
എസ് ബി ഐ, മുതുതല	87432	237519.04
കയ്യിരുപ്പ്		3695.00
	ആകെ	**241214.04**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

മുതുതല ശ്രീ മഹാഗണപതി ദേവസ്വം

വരവു - ചെലവു പത്രിക-2024

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	**241214.04**	ശമ്പളച്ചെലവുകൾ	1265855.00
		ലീവ് സറണ്ടർ	148634.00
ബാങ്ക് -237519.04		വഴിപാട് വിഹിതം	3220.00
പണം - 3695.00		താൽക്കാലിക ജീവനക്കാർക്കു വേതനം	61000.00
		വഴിപാട് ചെലവ്	569305.00
വഴിപാട് വരവ്	2398931.00	ഉത്സവം	129920.00
ഭണ്ഡാരംവരവ്	572561.00	ഉത്സവബത്ത	38500.00
പലിശ	18354.00	അച്ചടി & സ്റ്റേഷനറി	66747.00
		യാത്രാബത്ത	17500.00
		ഇടയ്ക്കിടെ വിശേഷങ്ങൾ	39500.00
സാധാരണവരവ്	**2989846**	ചില്ലറ മരാമത്ത്	9130.00
		മരാമത്ത്	12460.00
		ഭ്രനികൃതി	422.00
ഗ്രാന്റ്	70000	അന്നദാനം	53019.00
ഉത്സവബത്ത	35000	ലോക്കർ വാടക&ബാങ്ക് ചാർജ്ജ്	2212.50
		ശുചീകരണം	27800.00
ആകെ വരവ്	**3094846**	പെയിന്റിംഗ്	96000.00
		ക്ഷേമനിധി	5000.00
		ക്ഷേത്ര തോട്ടം ചെലവ്	24655.00
		പലവക	22370.00
		കളംപാട്ട്	272262.00
		സി സി ടി വി	135600.00
		ഇലക്ട്രിക്കൽ റിപ്പയർ	11597.00
		ഇലക്ട്രിസിറ്റി& വെളളക്കരം	35039.00
		അഷ്ടദ്രവ്യ ഗണപതിഹോമം	164573.00
		ദുരിതാശ്വാസം	10000.00

		സാധാരണചെലവ്	**3222320.5**
		ആകെ ചെലവ്	**3222320.5**
		നീക്കിയിരുപ്പ്	**113739.54**
		ബാങ്ക് (കാഷ് ബുക്ക്)-113739.54	
		പണം- 0.00	
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**3336060.04**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**3336060.04**

നീക്കിയിരുപ്പിന്റെ വിശദാംശം

ബാങ്ക്	**അക്കൗണ്ട് നമ്പർ**	**നീക്കിയിരുപ്പ്**
എസ് ബി ഐ, മുതുതല	87432	113739.54
കയ്യിരുപ്പ്		0.00
	ആകെ	**113739.54**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം - 2

മുതുതല ശ്രീ മഹാഗണപതി ദേവസ്വം

31.12.2024 ലെ സ്ഥിര നിക്ഷേപ പത്രിക

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുതുതല ശാഖ					
ക്രമ നമ്പർ	**എഫ്ഡി നമ്പർ/ തിയ്യതി**	**തുക**	**പലിശ**	**കാലാവധി**	**കുറിപ്പ്**
1	33760871911/31.3.2021	250000	6.65%	14.08.2026	
2	33760874989/31.3.2021	100000	6.85%	14.08.2026	
3	32576108751/4.10.2021	482535	6.25%	04.10.2026	
4	34334664313/23.10.2021	193450	6.25%	23.10.2026	
5	36240787960/8.11.2021	413169	6.25%	08.11.2026	
6	35415918498/23.12.2021	333895	6.8%	23.12.2025	
7	33538377187/31.12.2021	250338	6.8%	31.12.2025	
8	36560274749/20.02.2021	367425	6.85%	14.08.2026	
9	37080271111/10.08.2021	311194	6.25%	10.08.2026	
	ആകെ	**2702006**			

അനുബന്ധം –3

ജാമ്യ നിക്ഷേപ പത്രിക

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുതുതല ശാഖ					
ക്രമ നമ്പർ	**എഫ്ഡി നമ്പർ/ തിയ്യതി**	**തുക**	**പലിശ**	**കാലാവധി**	**കുറിപ്പ്**
1	32509462382/30.08.2024 (തങ്കമോഹൻ, ക്ലർക്ക്)	4809	6.75%	30.08.27	
2	32509452895/30.08.2024 സുബ്രഹ്മണ്യൻ, ശാന്തി	7163	6.75	30.08.2027	

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ചോദ്യാവലി

(1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : **മുതുതല ശ്രീ മഹാഗണപതി ദേവസ്വം**

ഓഡിറ്റ് കാലയളവ് : **2022 മുതൽ 2024 വരെ**

(ക)	കമ്മീഷണർ സൂക്ഷിക്കാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോയെന്ന്	:	ഖണ്ഡിക 1-6 കാണുക
(ഖ)	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തുക്കളും, മത്സ്യ ബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിനു നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടക്കരാർ നടപ്പാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തുവകകൾ പാട്ടത്തിനു നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം	:	1.1.1970 മുതൽ ദേവസ്വം പാട്ടഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാണ്
(ഗ)	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസമയം മുതൽകൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	:	ഉണ്ട്
(ഘ)	ഏതെങ്കിലും അവകാശവാദങ്ങൾ കാലഹരണ നിയമ പ്രകാരം കാലഹരണപ്പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	:	ഇല്ല
(ങ)	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	:	ഉണ്ട്
(ച)	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ, അത് എത്രയെന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും	:	ഇല്ല
(ഛ)	അംഗീകൃത ബജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും, പ്രസ്തുത ബജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും	:	ഖണ്ഡിക 1-1 കാണുക
(ജ)	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോയെന്നും അതിന് ഉപോൽ ബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും	:	ഉണ്ട്
(ഝ)	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ്ചെലവാണോയെന്ന്.	:	ഇല്ല
(ഞ)	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോയെന്ന്	:	ഇല്ല

(ട)	മുൻകൂർ സംഖ്യകൾ തിരിച്ചുപിടിക്കുകയോ, താമസംവിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്.	:	ബാധകമല്ല
(ഠ)	അടിയന്തിരചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോയെന്നും	:	ബാധകമല്ല
(ഡ)	എല്ലാ സംഭാവനകളും കാണിക്കവസ്തുക്കളും കണക്കിൽ വരവു വെച്ചിട്ടുണ്ടോയെന്ന്	:	ഉണ്ട്
(ഢ)	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമ ഗഡു തീർപ്പാക്കുതിന് മുന്നേ അളവുപരിശോധന നടത്തിയിട്ടുണ്ടോയെന്നും, കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും, അളവ് പുസ്തകം, നീക്കിയിരുപ്പ് പുസ്തകം, കൂലിപട്ടിക തുടങ്ങിയ രജിസ്റ്ററുകളും, ദർഘാസ്, സമ്മതപത്രം മുതലായവയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	:	വലിയ മരാമത്ത് പ്രവൃത്തികൾ ഇല്ല
(ണ)	വരവു സമാഹരണത്തിന്റെയോ, വിലപിടിപ്പുള്ള വസ്തുവകകളുടെയോ ചുമതലയുള്ള ജീവനക്കാരിൽ നിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	:	ഉണ്ട്
(സ)	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ, വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോയെന്ന്	:	ഖണ്ഡിക 1-3 കാണുക

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ